"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- കൊല്ലം ഉളിയക്കോവിലിൽ നടപ്പാക്കിയ അമൃത് പദ്ധതിയിലുൾപ്പെട്ട സ്റ്റോംവാട്ടർ ഡ്രെയിനേജ് പ്രവൃത്തി- ക്രമക്കേട്- ചീഫ് എഞ്ചിനീയറുടെ ശിപാർശ- കുറ്റാരോപിതരായ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയം ഭരണ (ഇഡബ്ല്യൂഎ) വകുപ്പ്.

സ.ഉ.(സാധാ) നം.448/2026/LSGD തീയതി,തിരുവനന്തപുരം, 21-02-2026

---

പരാമർശം:-

1. ചീഫ് എഞ്ചിനീയറുടെ 23.09.2021, 15.03.2023 എന്നീ തീയതികളിലെ ഇ21/11705/2021/സിഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യു നമ്പർ കത്തുകൾ.
2. കൊല്ലം കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന ശ്രീമതി ബൾഗീസ് എം. - (PEN.550770) നെതിരെയുള്ള 5.4.2022-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. മുൻ അസിസ്റ്റന്റ് എൻജിനീയർ (റിട്ട.), ശ്രീ. ഷാനവാസ് ഖാൻ എം. (PEN. 678052)-നെതിരെയുള്ള 11.04.2022 -ലെ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീമതി ബൾഗീസ് എം. സമർപ്പിച്ച 16.09.2022-ലെ പ്രതിവാദ പത്രിക.
5. മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ട.) ശ്രീ.ശശികുമാർ കെ.എസ്. (PEN. 667711) - നെതിരെയുള്ള 07.10.2023-ലെ കാരണം കാണിക്കൽ നോട്ടീസ്.
6. മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ട.), ശ്രീ.ശശികുമാർ കെ.എസ്. സമർപ്പിച്ച 03.11.2023-ലെ മറുപടി.
7. മുൻ അസിസ്റ്റന്റ് എൻജിനീയർ (റിട്ട.), ശ്രീ. ഷാനവാസ് ഖാൻ എം സമർപ്പിച്ച 25.02.2025-ലെ മറുപടി
8. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.03.2025-ലെ LSGD/PD/21930/2023-VIGA4 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കി വന്നിരുന്ന ഉളിയക്കോവിൽ സ്റ്റോംവാട്ടർ ഡ്രെയ്നേജ് എന്ന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. പി.ടി. മാത്യുവിന്റെ രണ്ടാം പാർട്ട് ബില്ലിന്റെ പരിശോധനാ വേളയിൽ മെഷർമെന്റ് ബുക്കുകളിൽ തിരുത്തൽ വരുത്തിയത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സ്ഥല പരിശോധന നടത്തുകയും പ്രാഥമിക പരിശോധനയിൽ സൈറ്റിലെ അളവുകളും അളവ് ബുക്കിലെ അളവുകളും തമ്മിൽ വ്യത്യാസമുള്ളതായും, തിരുത്തലുകൾ വരുത്തിയ CC IInd & Part Bill-ന്റെ യഥാർത്ഥ വാല്യൂവേഷൻ പ്രകാരം കണ്ടെത്തിയതിനേക്കാൾ, അധികരിച്ച തുകയ്ക്കാണ് ബില്ല് തയ്യാറാക്കിയിട്ടുള്ളതെന്നും കണ്ടെത്തിയിട്ടുള്ളതായി കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അമൃത് സ്റ്റേഷൻ മിഷൻ ഡയറക്ടർ മുഖേന അറിയിച്ചതായി പരാമർശം (1) 23.09.2021 തീയതി കത്തിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന്, ഈ വിഷയത്തിൽ ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ സഹിതം പരാമർശം (1) 15.03.2023 തീയതി കത്ത് പ്രകാരം ചീഫ് എൻജിനിയർ സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം ശിപാർശ ചെയ്തിരുന്നു:

i. സാങ്കേതികാനുമതി നല്കിയ നടപടിക്രമത്തിലും, ടെണ്ടർ ക്ഷണിച്ച് പ്രിക്വാളിഫിക്കേഷൻ നടത്തിയ നടപടിക്രമത്തിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഉത്തരവാദിയായ സൂപ്രണ്ടിംഗ് എഞ്ചിനിയറുടെ പക്കൽ നിന്നും വിശദീകരണം തേടുക.
ii. ഭരണാനുമതി തുകയിൽ അധികരിച്ച് സാങ്കേതികാനുമതി നൽകിയ നടപടിയിൽ വീഴ്ചയുണ്ട്. ഉത്തരവാദിയായ സൂപ്രണ്ടിംഗ് എഞ്ചിനിയറുടെ പക്കൽ നിന്നും വിശദീകരണം തേടുക.
iii. മൊഴികളുടെ അടിസ്ഥാനത്തിൽ DB-യിൽ നിന്നും എം.ബുക്കുകൾ വാങ്ങി തിരുത്തൽ വരുത്തിയത് AMRUT കരാർ നിയമിതനായ അസിസ്റ്റന്റ് എഞ്ചിനിയറായിരുന്ന ശ്രീ. ആദിത്യ എസ്.എൽ. ആണെന്ന് കണ്ട് കോർപ്പറേഷൻ തലത്തിൽ നടപടി സ്വീകരിച്ച് ടിയാനെ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്തിട്ടുണ്ട്.
iv. പ്രവൃത്തികളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയ AMRUT അസിസ്റ്റന്റ് എഞ്ചിനിയർ അല്ലാതെ തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ഷാനവാസ് ഖാൻ എം. എം.ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയതായി കാണുന്നു. ആയത്, ശ്രീ. ഷാനവാസ് ഖാൻ എം.-ന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കാണുന്നു. വിശദീകരണം തേടുക.
v. പ്രീ-മെഷർമെന്റ് രേഖപ്പെടുത്തിയ അളവുകളിൽ 'since done' രേഖപ്പെടുത്താതെയാണ് തുടർന്നുള്ള അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് മെഷർമെന്റ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ ഭാഗത്തെ വീഴ്ചയായി കാണുന്നു. ആയതിന് വിശദീകരണം തേടുക.
vi. എം.ബുക്ക് 650/18-19ൽ Demolishing അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് 02.03.2019-ലും Earth work-ന്റെ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് 05.03.2019-ലുമാണ്. ടി അളവുകൾ എല്ലാം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ രേഖപ്പെടുത്തിയിട്ടുള്ളത് ഒറ്റ ദിവസമാണ് എന്നത് ടിയാന്റെ ഭാഗത്തുള്ള വീഴ്ചയായി കാണുന്നു. വിശദീകരണം തേടുക.

2. മേൽ ശിപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ബൽഗീസിനെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം പരാമർശം (2) പ്രകാരം നൽകി അച്ചടക്കനടപടി ആരംഭിയ്ക്കുകയുണ്ടായി. പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ തിരുത്തൽ വരുത്തി ക്രമക്കേട് നടത്തിയതിനാൽ പ്രവൃത്തിയുടെ അളവുകളിലും ബിൽ തുകയിലും വലിയ വ്യത്യാസമുണ്ടാകുന്നതാണ് എന്ന പ്രധാന കുറ്റമാണ് ടിയാൾക്കെതിരെ ചുമത്തിയത്. അനുബന്ധ കുറ്റങ്ങൾ ചുവടെ ചേർക്കുന്നു.

1. അളവുകൾ രേഖപ്പെടുത്തേണ്ട ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ ആദിത്യ. എസ്. എൽ പൂർണ്ണമായും അളവുകൾ നേരിട്ട് രേഖപ്പെടുത്താതെ കരാറുകാരന്റെ സൈറ്റ് സൂപ്പർവൈസർ മുഖാന്തിരമാണ് മെഷർമെന്റ് ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി. ബൾഗീസിന് ഈ വീഴ്ച കണ്ടെത്താൻ കഴിഞ്ഞില്ല.
2. സി.സി II & പാർട്ട് ബിൽ തയ്യാറാക്കിയ അവസരത്തിൽ കോയിയ്ക്കൽ അയത്തിൽ ഏരിയ എന്ന പ്രവൃത്തി ചെയിനേജ് ഠ മുതൽ ചെയിനേജ് 216.41 മീറ്റർ വരെയാണ് ഫിസിയ്ക്കലി പൂർത്തീകരിച്ചിരുന്നത്. എന്നാൽ 50.64 മീറ്റർ നീളം അധികമായി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
3. ഉളിയക്കോവിൽ ഭാഗത്തെ ഓടയുടെ നിർമ്മാണം നടത്തിയ മെഷർമെന്റ് ബുക്ക് നം.650/18-19-ൽ സാക്ഷ്യപ്പെടുത്തലോട് കൂടിയും, അല്ലാതെയും വളരെയധികം തിരുത്തലുകൾ വരുത്തിയിട്ടുള്ളതാകുന്നു. അളവുകൾ പ്രാഥമിക പരിശോധനയിൽ ക്രമപ്രകാരമല്ലെന്ന് കണ്ടെത്തിയിട്ടുമുണ്ട്.
4. രണ്ടാം കുറ്റി ഭാഗത്ത് ഓടയുടെ വീതി അധികമായി രേഖപ്പെടുത്തിയിരിയ്ക്കുന്നു. ആയത് കണ്ടെത്തുവാൻ കഴിഞ്ഞില്ല.
5. സ്ലാബുകളുടെ അളവുകൾ സൈറ്റുകളിലെ അളവുകളിൽ നിന്നും വ്യത്യസ്തമായി രേഖപ്പെടുത്തിയിരിയ്ക്കുന്നു. ചെക്ക് മെഷർ ചെയ്തപ്പോഴും കണ്ടെത്തുവാനായില്ല.
6. സി.സി I & പാർട്ട് ബില്ലിൽ 9,28,756/-രൂപ അധികമായി നൽകിയിട്ടുണ്ട്.

3) ശ്രീമതി ബൽഗീസ് പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ചുവടെ ചേർക്കും പ്രകാരം കുറ്റം നിഷേധിച്ചു.

1. അമൃത ഭാരത് പദ്ധതിയുമായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയർമാർ രേഖപ്പെടുത്തുന്ന മെഷർമെന്റ് ബുക്കുകൾ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനിയർമാർ കൗണ്ടർ സൈൻ ചെയ്ത് ബോധ്യപ്പെട്ട ശേഷം സൈറ്റിലെ അളവുകളുമായി താരതമ്യപ്പെടുത്തിയാണ് ചെക്ക് മെഷർ ചെയ്ത് നൽകുന്നത്. അമൃത് അസിസ്റ്റന്റ് എഞ്ചിനിയർ ഒപ്പ് വച്ച മെഷർമെന്റ് ബുക്കുകൾ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ഷാനവാസ് കൗൺർസൈൻ ചെയ്ത് നൽകി ഉറപ്പ് വരുത്തിയ ശേഷമാണ് ചെക്ക് മെഷർ ചെയ്ത് നൽകിയത്.
2. ചെക്ക് മെഷർ ചെയ്ത ദിവസം ഫിസിയ്ക്കലി പൂർത്തീകരിച്ച നീളം മാത്രമേ സൈറ്റ് പരിശോധിച്ച് ചെക്ക് മെഷർ ചെയ്ത് നൽകിയിട്ടുള്ളൂ. അധികമായി നീളം

രേഖപ്പെടുത്തിയിട്ടില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്.

3. പ്രവൃത്തിയുമായി ബന്ധപ്പെട്ട മെഷർമെന്റ് ബുക്കുകളിൽ പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലും യഥാസമയം ചെക്ക് മെഷർ ചെയ്ത് അസിസ്റ്റന്റെ എഞ്ചിനിയർക്ക് നൽകിയിരുന്നു. ടിയാൾ ചെക്ക് മെഷർ ചെയ്ത് നൽകിയ ശേഷം യഥാർത്ഥ അളവുകൾ മനസ്സിലാക്കുവാൻ സാധിക്കാത്ത രീതിയിൽ എം ബുക്ക് കളിൽ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വരുത്തിയതിനാലാണ് വ്യത്യാസം വന്നിട്ടുള്ളത്.
4. ചെക്ക് മെഷർ ചെയ്ത് നൽകിയ ശേഷം യഥാർത്ഥ അളവുകൾ മനസ്സിലാക്കുവാൻ സാധിയ്ക്കാത്ത രീതിയിൽ മെഷർമെന്റ് ബുക്കുകളിൽ തിരുത്തലുകളും കൂട്ടിച്ചർക്കലുകളും വരുത്തിയിട്ടുള്ളതിനാലാണ് വ്യത്യാസം വന്നിട്ടുള്ളത്.
5. ചെക്ക് മെഷർ ചെയ്ത് നൽകിയ ശേഷം യഥാർത്ഥ അളവുകൾ മനസ്സിലാക്കുവാൻ സാധിക്കാത്ത രീതിയിൽ എം ബുക്ക് -കളിൽ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വരുത്തിയിട്ടുണ്ട് എന്നും ആയതിനാലാണ് വ്യത്യാസം വന്നിട്ടുള്ളത്
6. CC First & Part Bill പ്രകാരം അധിക തുക നൽകിയിട്ടില്ലാത്തതാണ്. മെഷർമെന്റ് ബുക്കിൽ തിരുത്തലുകൾ വരുത്തിയതിനാൽ CC II & Part Bill പേയ്മെന്റ് നൽകിയിട്ടില്ലാത്തതാണ്.

4) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം ലഭ്യമാക്കിയ അഭിപ്രായ കുറിപ്പിൽ ശ്രീമതി. ബൽക്കിസുമായി ബന്ധപ്പെട്ട മേൽ ആരോപണങ്ങളിൽ വളരെ വിശദമായി വിവരങ്ങൾ അറിയിച്ചിട്ടുണ്ട്. ആയവയിലെ ഏറ്റവും പ്രധാന വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

- 1-ാം ആരോപണം - 1st & Part Bill-ന്റെ M-Book entries നടത്തിയ അതേ കരാർ അസിസ്റ്റന്റ് എൻജിനിയർ അല്ല IInd & Part Bill ന്റെ M-Book entries ചെയ്തത് എന്നുള്ളത് ചെക്ക് മെഷർ ചെയ്തപ്പോൾ തിരിച്ചറിയാത്തത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീമതി ബൽഗ്ഗീസ് എം-ന്റെ ഭാഗത്ത് നിന്നുണ്ടായ സൂക്ഷ്മത കുറവാണ്.
- 2-ാം ആരോപണം- CC-IInd part Bill തയ്യാറാക്കിയ അവസരത്തിൽ 50.64 മീറ്റർ നീളം അധികമായി M-BooK- ൽ രേഖപ്പെടുത്തിയിട്ടുള്ളതിന് bill payment നൽകിയിട്ടില്ലാത്തതാണ്.
- 3-ാം ആരോപണം - Bill തയ്യാറാക്കിയത് ശ്രീമതി ബൽഗീസ്സ് എം. വിട്ടുതൽ വാങ്ങി പോയതിനുശേഷമാണെന്നുള്ളത് അംഗീകരിക്കാവുന്നതാണ്. തിരുത്തലുകൾ വരുത്തിയത് ടിയാൾ അല്ലെന്ന് അനുമാനിയ്ക്കാവുന്നതാണ്.
- 4-ാം ആരോപണം - രണ്ടാംകുറ്റി ഭാഗത്ത് ഓടയുടെ വീതി അധികമായി രേഖപ്പെടുത്തിയിരിക്കുന്നത് ടിയാൾക്ക് കണ്ടെത്താൻ കഴിഞ്ഞില്ല എന്നത് ടിയാളുടെ ഭാഗത്തു നിന്നു വന്ന പിശകാണെങ്കിലും IInd & Part Bill തുക കരാറുകാരന് അനുവദിച്ച് നൽകിയിട്ടില്ലാത്തതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ല.
- 5-ാം ആരോപണം- മെഷർമെന്റ് ബുക്കിൽ സ്ലാബുകളുടെ അളവുകളിൽ വ്യാപകമായ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. സ്ഥലംമാറ്റം ലഭിച്ച് പോയ ടിയാൾ തിരുത്തലുകൾ കണ്ടിരിയ്ക്കാൻ സാധ്യതയില്ല. കൂടാതെ, തിരുത്തലുകൾ ടിയാൾ

കൗണ്ടർ സൈൻ ചെയ്യുകയോ തിരുത്തിയ ക്വാണ്ടിറ്റി ഉപയോഗിച്ച് തയ്യാറാക്കിയ ബിൽ പോർഷൻ പരിശോധിച്ചതായോ കാണുന്നില്ല. ആകയാൽ മറുപടി അംഗീകരിയ്ക്കാവുന്നതാണ്.

- 6-ാം ആരോപണം- CC I & Part Bill പ്രകാരം അധിക തുക നൽകിയിട്ടില്ല.

5) മേൽ ശുപാർശ 4-ൽ വ്യക്തമാക്കിയിട്ടുള്ള അളവ് പുസ്തകത്തിൽ ക്രമക്കേട് വരുത്തിയതിന് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ. ഷാനവാസ് ഖാൻ എം 31.05.2020-ൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ KSR Part III Rule 59 (b) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ കുറവു ചെയ്യാനുള്ള താത്കാലിക തീരുമാനം അറിയിച്ചുകൊണ്ട് പരാമർശം 3 പ്രകാരം കാരണം കാണിയ്ക്കൽ നോട്ടീസ് നല്കി അച്ചടക്ക നടപടി ആരംഭിയ്ക്കുകയുണ്ടായി. മേൽ ശിപാർശ 1-ൽ പരാമർശിക്കുന്ന ടെണ്ടർ ക്ഷണിച്ച് പ്രീ ക്വാളിഫിക്കേഷൻ നടത്തിയതിലും ശിപാർശ 2-ൽ പരാമർശിക്കുന്ന ഭരണാനുമതി തുകയിൽ അധികരിച്ച് സാങ്കേതികാനുമതി നൽകിയതിലും വീഴ്ച വരുത്തിയ സൂപ്രണ്ടിംഗ് എഞ്ചിനീയറായിരുന്ന ശ്രീ. ശശികുമാർ കെ.എസ്. 30.04.2018-ൽ സർവീസിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ ഭാഗം III ചട്ടം 59(d) പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിലേയ്ക്ക് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

6) പരാമർശം 3 പ്രകാരമുള്ള കാരണം കാണിയ്ക്കൽ നോട്ടീസിന് പരാമർശം 7 പ്രകാരം ശ്രീ. ഷാനവാസ് ഖാൻ സമർപ്പിച്ച മറുപടിയിൽ, യഥാർത്ഥ അളവുകൾ മനസ്സിലാക്കുവാൻ സാധിയ്ക്കാത്ത രീതിയിൽ മെഷർമെന്റ് ബുക്കുകളിൽ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വരുത്തിയിട്ടുള്ളതിനാലാണ് അളവുകളിൽ വ്യത്യാസം വന്നതെന്നും താൻ വിരമിച്ച ശേഷമാണ് ടി ക്രമക്കേടുകൾ നടന്നിട്ടുള്ളതെന്നും മനപൂർവ്വമായി തന്റെ ഭാഗത്ത് നിന്നും വീഴ്ചകൾ സംഭവിയ്ക്കാത്തതിനാൽ തുടർ നടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന് അഭ്യർ ത്ഥിച്ചിരുന്നു. അമൃത് അസിസ്റ്റന്റ് എഞ്ചിനീയർ (കരാർ) തയ്യാറാക്കി ബില്ലുകൾ യഥാവിധി പരിശോധിക്കാതെയും M-Book entries പരിശോധിക്കാതെയും Countersign ചെയ്തത് വിരമിച്ച അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ഷാനവാസിന്റ ഭാഗത്തെ ശ്രദ്ധക്കുറവാണെന്ന് ഹിയറിംഗ് വേളയിൽ ടിയാൻ സമ്മതിച്ചിരുന്നതായും എന്നാൽ സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ വിരമിച്ച ഉദ്യോഗസ്ഥനായ ടിയാനെതിരെ തുടർ നടപടി സ്വീകരിക്കേണ്ടതില്ല എന്ന് ഹിയറിംഗ് ഓഫീസർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

7) സൂപ്രണ്ടിംഗ് എഞ്ചിനീയറായിരുന്ന ശ്രീ. ശശികുമാർ കെ.എസ്. പരാമർശം (6) പ്രകാരം സമർപ്പിച്ച മറുപടിയിൽ, ക്വാളിഫൈ ചെയ്ത കരാറുകാർ മാത്രമാണ് ഫിനാൻഷ്യൽ ബിഡ് സമർപ്പിച്ചിരുന്നതെന്നും സുതാര്യമായി നടത്തിയ ടി നടപടിക്രമത്തിൽ യാതൊരു പരാതിയോ ആക്ഷേപമോ ഉണ്ടായിട്ടില്ല എന്ന് ആദ്യ ആരോപണത്തിന് മറുപടിയായി ടിയാൻ അറിയിച്ചു. ഭരണാനുമതി തുക 2,27,70,000/- രൂപയാണ് എന്നും നൽകിയ മൂന്ന്

Technical Sanctions-നും കൂടിയുള്ള ആകെ തുക 2,27,83,843/- രൂപയാണ് എന്നും ഭരണാനുമതി തുകയേക്കാൾ വെറും 0.06% ആയ 13,843/- രൂപയാണ് അധികരിച്ചിരിക്കുന്നത് എന്നും ഇത് ന്യായീകരിക്കത്തക്കതാണെന്നും എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ അതിന്റെ ഉദ്ദേശലക്ഷ്യം പൂർത്തീകരിക്കണമെന്നുള്ളത് ശ്രദ്ധിക്കാതെ തുകയ്ക്ക് അനുസരിച്ച് വെട്ടിക്കുറയ്ക്കരുതെന്ന സർക്കാർ നിർദേശങ്ങൾക്ക് അനുസൃതമായി മാത്രമാണ് Technical Sanctions നൽകിയിട്ടുള്ളതെന്നും പ്രധാനമായി ബോധിപ്പിച്ചു കൊണ്ട് രണ്ടാമത്തെ ആരോപണത്തിനുള്ള മറുപടി നൽകുകയും, തന്നിൽ ചുമത്തപ്പെട്ട വീഴ്ചകൾ ഒഴിവാക്കി നൽകണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു. ടെണ്ടർ നടപടികൾ പാലിച്ചിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നില്ലയെന്നും ആയതിനാൽ ടിയാന് ശ്രദ്ധക്കുറവ് സംഭവിച്ചതായി കാണുന്നുവെന്നും ഒരു ഭരണാനുമതി തുകയിൽ ഉൾപ്പെട്ടിട്ടുള്ള രണ്ട് പ്രവൃത്തികളും മറ്റൊരു ഭരണാനുമതി തുകയിൽ ഉൾപ്പെട്ട ഒരു പ്രവൃത്തിയും ചേർത്ത് പ്രത്യേകം സാങ്കേതികാനുമതി വാങ്ങി മൂന്ന് പ്രവൃത്തികൾക്ക് ഒന്നിച്ച് ടെണ്ടർ ചെയ്തത് തെറ്റായ നടപടിക്രമമാണ്. ഇക്കാര്യത്തിൽ ടിയാന് നോട്ടക്കുറവ് സംഭവിച്ചതായി കാണുന്നുവെന്നാണ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 7 പ്രകാരം അഭിപ്രായപ്പെട്ടിട്ടുള്ളത്.

8) അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ, ശ്രീമതി ബൽഗീസിന്റെയും, സൂപ്രണ്ടിംഗ് എൻജിനീയർ(റിട്ട.), ശ്രീ.ശശികുമാർ കെ.എസ്-ന്റെയും പ്രതിവാദ പത്രികകളിന്മേലുള്ള അഭിപ്രായ റിപ്പോർട്ട് സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയറുടെ റിപ്പോർട്ടിന്റെയും കുറ്റാരോപിതരെ നേരിൽ കേട്ട് ചീഫ് എൻജിനീയർ സമർപ്പിച്ച റിമാർക്സിന്റെയും അടിസ്ഥാനത്തിലാണ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയറുടെ 10.07.2024-ലെ റിപ്പോർട്ട്, പരാമർശിത വിഷയവുമായി ബന്ധപ്പെട്ട കുറ്റാരോപിതരെ ചിഫ് എൻജിനീയർ നേരിൽ കേട്ടത് എന്നിവ പരിഗണിച്ച് റിപ്പോർട്ടിന് തുല്യമായും അച്ചടക്ക അധികാരി നേരിൽ കേട്ടതിന് തുല്യമായും കണക്കാക്കി കുറ്റാരോപിതർ വീണ്ടും ഔപചാരിക അന്വേഷണ നടപടിയിലൂടെ കടന്നുപോകുന്നത് ഒഴിവാക്കുന്നതിനായി കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതില്ലെന്ന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

9) തുടർന്ന് ചട്ട പ്രകാരമുള്ള നടപടികൾക്ക് ശേഷം 17.9.2025 തീയതിയിൽ അണ്ടർ സെക്രട്ടറി മേൽ കുറ്റാരോപിരെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിലെ വാദഗതികൾ ചുവടെ ചേർക്കുന്നു.

Asst Exe Engineer,ശ്രീമതി ബൽഗ്ഗീസ്. M

16/09/2019-ൽ Transfer ആയതിന് ശേഷ മാണ് M-Book-ൽ അമൃത് Contract അസിസ്റ്റന്റ് എഞ്ചിനീയർ ആദിത്യ.എസ്.എൽ തിരുത്തലുകൾ വരുത്തിയതെന്നും ടിയാൾ ഒപ്പ് വച്ച മെഷർമെന്റ് ബുക്കുകൾ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ കൌണ്ടർ സൈൻ ചെയ്ത് നൽകി ഉറപ്പു വരുത്തിയ ശേഷമാണ് ചെക്ക് മെഷർ നൽകിയത്. ഫിസിക്കലി പൂർത്തീകരിച്ച നീളം മാത്രമേ സൈറ്റ് പരിശോധിച്ച് ചെക്ക് മെഷർ ചെയ്ത്

നൽകിയിട്ടുള്ളു. കൊല്ലം കോർപ്പറേഷൻ അസിസ്റ്റന്റ് എക്സി: എഞ്ചിനീയർ എന്ന നിലയിൽ ബിൽഡിംഗ് പെർമിറ്റ്, ഓഫീസ് ഫയലുകൾ എന്നിവയുടെ തിരക്ക് മൂലം പൊതുമരാമത്ത് പ്രവൃത്തികൾ എല്ലാ ഘട്ടത്തിലും പ്രവൃത്തി നേരിൽ കണ്ട് ചെക്ക് മെഷർ ചെയ്യുന്നതിന് സമയം ലഭിക്കാറില്ല. Earth Work Excavation ചെയ്ത സമയത്ത് സ്ഥലം സന്ദർശിച്ചു. Loose earth ആയതിനാലും ഗതാഗത കുരുക്ക് ഉള്ള റോഡ് ആയതിനാലും വീതി കുട്ടി പെട്ടെന്ന് കോൺക്രീറ്റ് ചെയ്യേണ്ടതായി വന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന നിലയിൽ 50 ശതമാനത്തിലധികം മെഷർമെന്റുകൾ ചെക്ക് ചെയ്ത ശേഷമാണ് ടി പ്രവൃത്തി ചെക്ക് മെഷർ ചെയ്ത് നൽകിയത്. മനപൂർവ്വമായി യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലാത്തതാണ് എന്ന് ശ്രീമതി .ബൽഗ്ഗീസ് വ്യക്തമാക്കി.

ശ്രീ ഷാനവാസ് ഖാൻ M , AE(Rtd)

ഏകദേശം മേൽപ്പറഞ്ഞ വാദഗതികൾ തന്നെയാണ് ശ്രീ.ഷാനവാസ് ഖാൻ ഉന്നയിച്ചത്. എന്നാൽ ടിയാളുടെ ഭാഗത്ത് ജാഗ്രതക്കുറവ് ഉണ്ടായിട്ടുള്ളതായി ടിയാൾ ഹിയറിംഗ് വേളയിൽ സമ്മതിച്ചു.

ശ്രീ K S Sasikumar, Supdt Engineer(Rtd)

GO(Rt)No.3530/2017/LSGD dated 02/11/2017 പ്രകാരം 'ഉളിയക്കോവിൽ ഏരിയ' എന്ന ഹെഡിലാണ് കൊട്ടാരക്കര റോഡിൽ ലിറ്റിൽ ഫ്ലവർ മുതൽ എസ്.വി. ടാക്കീസ് വരെയും കോയിക്കൽ- അയത്തിൽ ഏരിയ വരെയും, ഉളിയക്കോവിൽ റോഡ് മുതൽ കായൽ വരെയും ഉള്ള പ്രവർത്തികൾ ക്ലബ്ബ് ചെയ്തിരുന്നു. ആകെ 2,27,70,000/-രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരുന്നത്. ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള നഗരസഭ അംഗീകരിച്ച അമൃത് പദ്ധതികൾക്ക് നിയമാനുസൃത PRICE-I സോഫ്റ്റ് വെയറിൽ സാങ്കേതിക അനുമതി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഒരു ഭരണാനുമതി തുകയിൽ മൂന്ന് പ്രവർത്തികൾക്ക് സാങ്കേതികാനുമതികൾ നൽകേണ്ടി വന്നത് സർക്കാർ നഗരസഭ അംഗീകരിച്ച നൽകിയ വിവിധ എസ്റ്റിമേറ്റുകൾ കുട്ടിച്ചേർത്ത് AS നൽകിയതുകൊണ്ട് മാത്രമാണ് എന്ന് ശ്രീ ശശികുമാർ വാദിച്ചു.

.

10) മേൽ കുറ്റാരോപിതരുടെ പ്രതിവാദ പത്രികകളുടെയും ആയവയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായത്തിന്റെയും വളരെ വിശദമായ റിപ്പോർട്ടിന്റെയും കുറ്റാരോപിതരെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം കോർപ്പറേഷനിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിയ ഉളിയാക്കോവിൽ സ്റ്റോം വാട്ടർ ഡ്രെയിനേജ് എന്ന പ്രവൃത്തിയുടെ CC 1st & Part Bill ൽ അധിക തുക നൽകിയിട്ടില്ല എന്നും CC 2nd & Part Bill നൽകുന്നതിന് മുൻപായി അളവ് പുസ്തകത്തിൽ കണ്ടെത്തിയതായ പൊരുത്തക്കേടുകൾ കാരണം തുക നൽകിയിരുന്നുമില്ല എന്നതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്ന് ബോധ്യമായിട്ടുണ്ട്. ആയതിനാൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ അമൃത്

പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കി വന്നിരുന്ന ഉളിയക്കോവിൽ സ്റ്റോംവാട്ടർ ഡ്രെയ്നേജ് എന്ന പ്രവൃത്തിയുടെ മെഷർമെന്റ് ബുക്കുകളിൽ തിരുത്തൽ വരുത്തിയെന്ന ഗുരുതര ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ചീഫ് എൻജിനിയർ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചുവന്നിരുന്ന അച്ചടക്ക നടപടികൾ ചുവടെ ചേർക്കും പ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

1. M-Book-ലെ അളവുകൾ ചെക്ക്മെഷർ ചെയ്തപ്പോൾ ഓടയുടെ അളവിൽ കൂടുതലായി രേഖപ്പെടുത്തിയിരുന്നത് കണ്ടെത്താത്തത്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ബൾഗീസ് എം.-(PEN.550770)ന്റെ ഭാഗത്ത് ഉണ്ടായ ജാഗ്രതക്കുറവ് ആയതിനാൽ ടിയാരിയ്ക്കെതിരെ KCS&CCA ചട്ടങ്ങൾ 1960-യിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയിൽ അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (i) പ്രകാരം ശാസന (Censure) നൽകി അച്ചടക്കനടപടി തീർപ്പാക്കുന്നു.
2. സാങ്കേതികാനുമതി നല്കിയതിലും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ചെയ്തതിലും ചില നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയെങ്കിലും ശ്രീ. ശശികുമാർ കെ.എസ്-ന്റെ പ്രവൃത്തി മൂലം സർക്കാറിന് ധനനഷ്ടം സംഭവിച്ചിട്ടില്ലാത്തതാണ്. മേൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി 30.04.2018-ൽ ടിയാൾ സർവീസിൽ നിന്ന് വിരമിക്കുകയുമുണ്ടായി. ആയതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ട.), ശ്രീ.ശശികുമാർ കെ.എസ്-(PEN.667711) നെതിരെ 59(d) പ്രകാരം സ്വീകരിച്ച വരുന്ന അച്ചടക്കനടപടിയിൽ തുടർനടപടി ആവശ്യമില്ലെന്ന് തീരുമാനിച്ച് നടപടി തീർപ്പാക്കുന്നു.
3. അമൃത് അസിസ്റ്റന്റ് എഞ്ചിനീയർ (കരാർ) തയ്യാറാക്കിയ ബില്ലുകൾ യഥാവിധി പരിശോധിക്കാതെയും M-Book entries പരിശോധിക്കാതെയും Countersign ചെയ്തത് റിട്ട.അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ഷാനവാസ് എം.-ന്റെ ഭാഗത്തു നിന്നും സംഭവിച്ചിട്ടുള്ള ശ്രദ്ധക്കുറവിനാലാണ്. എന്നാൽ ടിയാൾ സർക്കാറിന് സാമ്പത്തികനഷ്ടം വരുത്തിയിട്ടില്ല. അളവ് പുസ്തകത്തിൽ ക്രമക്കേട് വരുത്തിയതിന് അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ട.), ശ്രീ. ഷാനവാസ് ഖാൻ എം.(PEN.678052)-ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ KSR Part III Rule 59 (b) പ്രകാരം കുറവു ചെയ്യാനുള്ള കാരണം കാണിക്കൽ നോട്ടീസ് നല്കി സ്വീകരിച്ചുവന്ന അച്ചടക്കനടപടിയിൽ തുടർനടപടി സ്വീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ച് നടപടി തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:

1. ശ്രീമതി ബൽഗീസ് എം., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം കോർപ്പറേഷൻ
2. ശ്രീ. ഷാനവാസ് ഖാൻ എം., മുൻ അസിസ്റ്റന്റ് എൻജിനീയർ (റിട്ട.) കൊല്ലം കോർപ്പറേഷൻ
3. ശ്രീ.ശശികുമാർ കെ.എസ്., മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ട.), കൊല്ലം കോർപ്പറേഷൻ

   (1,2,3 തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം. (ഈ ഉത്തരവു പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതിനായി)
5. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
7. വെബ് & ന്യൂ മീഡിയ , വിവര പൊതു ജന സമ്പർക്ക വകുപ്പ്.
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. ( EWA1/106/2021-LSGD )

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 21-02-2026 14:46:49
സെക്ഷൻ ഓഫീസർ